(എ) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇക്കാര്യത്തിൽ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടരിക്കോട് ടെക്സ്റ്റൈൽസിലെ ജീവനക്കാരെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്താനുള്ള സർക്കാർ നിർദ്ദേശം തൊഴിലാളികൾക്ക് സൗകര്യപ്രദമായ ദൂരത്തിൽ ഇ.എസ്.ഐ. ആശുപത്രി ഇല്ലെന്ന കാരണത്താൽ കോർപ്പറേഷൻ അംഗീകരിച്ചില്ല. കോട്ടയ്ക്കലുള്ള പാർട്ട് ടൈം ഡിസ്പെൻസറി, ഫുൾടൈം ഡിസ്പെൻസറിയായി ഉയർത്തി എടരിക്കോട് ടെക്സ്റ്റയിൽസിലെയും സമീപപ്രദേശത്തേയും തൊഴിലാളികളെ ഇ.എസ്. ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കണമെന്ന കോർപ്പറേഷന്റെ നിർദ്ദേശം മാനിച്ച് നടപടികൾ എടുത്തുവരുന്നു.

(ബി) കഴിവതുംവേഗം നടപടി പൂർത്തിയാകുന്നതാണ്.

104 (2795) ഹോസിയറി വ്യവസായ തൊഴിലാളികൾക്ക് മിനിമം വേജസ്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹോസിയറി വ്യവസായ തൊഴിലാളികൾക്ക് മിനിമം വേജസ് പുതുക്കി നിശ്ചയിച്ചത് എപ്പോൾ ആണ്;

(ബി) ഹോസിയറി വ്യവസായ തൊഴിലാളികളുടെ മിനിമം വേജസ് പുതുക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

ഉത്തരം

(എ) 1985-ൽ ആണ്.

(ബി) അയിഷ ഹോസിയറി വർക്കേഴ്സ് യൂണിയൻ (സി.ഐ.റ്റി.യു.), പാലപ്പറമ്പ്, നിർമ്മലഗിരി, കണ്ണൂർ എന്ന യൂണിയന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. മിനിമം വേതന കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

105 (2796) ബോണസ് സംബന്ധമായ തർക്കങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ജെ. മെഴ്സിക്കുട്ടിഅമ്മ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് കശുവണ്ടി, കയർ, ടെക്സ്റ്റൈൽസ് മേഖലകളിലെ തൊഴിലാളികൾക്കുള്ള ബോണസ് സംബന്ധമായ തർക്കങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മേഖലകളിൽ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് എത്ര ശതമാനം ബോണസ് ആണ് നൽകിയിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കശുവണ്ടി, കയർ, ടെക്സ്റ്റൈൽ മേഖലകളിൽ കഴിഞ്ഞ മൂന്നു വർഷമായി ബോണസ്നിരക്ക് പുതുക്കി നിശ്ചയിച്ചിരുന്നുവോ;

(ഡി) എങ്കിൽ എത്ര ശതമാനം ബോണസ് ആണ് പ്രസ്തുത മേഖലകളിലെ തൊഴിലാളികൾക്ക് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കയർ, കശുവണ്ടി, ടെക്സ്റ്റൈൽസ് മേഖലകളിൽ ഉണ്ടാകാവുന്ന ബോണസ് സംബന്ധമായ തർക്കങ്ങൾ ഒഴിവാക്കി ബോണസ് അടുത്ത ഓണത്തിന് മുമ്പായി പ്രഖ്യാപിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കശുവണ്ടി, കയർ, ടെക്സ്റ്റൈൽസ് മേഖലകളിലെ തൊഴിലാളികൾക്കുള്ള ബോണസ് സംബന്ധമായ തർക്കങ്ങൾ ബന്ധപ്പെട്ട വ്യവസായ ബന്ധ സമിതികളിൽവച്ച് ചർച്ചകൾ നടത്തിയും വിവിധ തലത്തിലുള്ള തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടത്തിയും പരിഹരിക്കാറുണ്ട്.

(ബി) കശുവണ്ടി മേഖലയിൽ കഴിഞ്ഞ കുറേയധികം വർഷങ്ങളായി പരമാവധി ബോണസ്സായ 20% ആണ് നൽകിവരുന്നത്. എന്നാൽ 1996 മുതൽ 20%ന് പുറമേ 1/2 ശതമാനം എക്സ്ഗ്രേഷ്യയും നൽകിവരുന്നു. ടെക്സ്റ്റൈൽ വ്യവസായത്തിൽ ബോണസ്സ് നിയമമനുസരിച്ചുള്ള ബോണസ്സാണ് നൽകിവരുന്നത്. വ്യത്യസ്ത നിരക്കിലുള്ള ബോണസ്സിനു പുറമേ അറ്റൻഡൻസ് ഇൻസന്റീവും നൽകിവരുന്നു. കയർ മേഖലയിലും പരമാവധി ബോണസ്സായ 20% ആണ് നൽകിവരുന്നത്. ഇതിനു പുറമേ ഒരു നിശ്ചിത ശതമാനം ഇൻസന്റീവും നൽകിവരുന്നു.

(സി) പുതുക്കി നിശ്ചയിച്ചിരുന്നു.

(ഡി) കഴിഞ്ഞ മൂന്നു വർഷത്തെ ബോണസ് നിരക്കുകൾ താഴെ കൊടുക്കുന്നു.

കശുവണ്ടി

വർഷം	ബോണസ്	ഇൻസന്റീവ്	ആകെ	മിനിമം ബോണസ്
1996	20%	0.5%	20.5	1080
1997	20%	0.5%	20.5	1160
1998	20%	0.5%	20.5	1270

കയർ

വർഷം	ബോണസ്	ഇൻസന്റീവ്	ആകെ
1996	20%	8.125	28.125
1997	20%	8.375	28.375

LIBRARY ARCHIVES Kerala Legislative Assembly

1998	20%	8.625	28.625

ടെക്സ്റ്റൈൽസ്

വർഷം - 1995-96

ബോണസ് നിയമമനുസരിച്ചുള്ള ബോണസ്

ശതമാനം ഇൻസന്റീവ്

8.33% വരെ ഒരു ഹാജരിന് 3 രൂപ

8.34-11.99 ഒരു ഹാജരിന് 4 രൂപ

12-15.99 ഒരു ഹാജരിന് 4.50 രൂപ

16-20.00 ഒരു ഹാജരിന് 5.00 രൂപ

(1993-94 സാമ്പത്തിക വർഷം മുതൽ ഈ നിരക്കുകൾക്ക് മാറ്റമില്ല.)

(ഇ) കയർ, കശുവണ്ടി, ടെക്സ്റ്റൈൽസ് ബോണസ് തർക്കങ്ങൾ ഐ.ആർ.ബി. വിളിച്ചുകൂട്ടി തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

106 (2797) വയനാട് ജില്ലയിൽ പുതിയ ജലസേചന പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കുന്നതു സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളെക്കുറിച്ചാണെന്ന് വ്യക്തമാക്കുമോ;

(സി) വിശദമായ അന്വേഷണത്തിനുശേഷം ജനപ്രതിനിധികളുമായും മറ്റും ചർച്ച ചെയ്തു മാത്രമേ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അന്തിമമായി തീരുമാനം കൈക്കൊള്ളൂ എന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) നിർദ്ദിഷ്ട ജലസേചന പദ്ധതികൾ നടപ്പാക്കാൻ പാടില്ലെന്ന് വയനാട്ടിലെ എം.എൽ.എ.മാർ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ പദ്ധതികൾ നടപ്പാക്കില്ലെന്ന് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. നൂൽപ്പുഴ ജലസേചന പദ്ധതി, ചൂണ്ടേലിപ്പുഴ ജലസേചന പദ്ധതി, കല്ലാംപതി ജലസേചന പദ്ധതി, കടമാൻതോട് ജലസേചന പദ്ധതി, ചീഘട്ട് ജലസേചന പദ്ധതി.

(സി),(ഡി)&(ഇ) വിശദാംശം അന്വേഷണത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

[9.30 AM] ശ്രീ. പാലോട് രവി : സർ, നെടുമങ്ങാട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ആശുപത്രിയിൽ .....അത് ഗവൺമെന്റ് ആശുപത്രി ആയതുകൊണ്ടാണോ?.....

LIBRARY ARCHIVES Kerala Legislative Assembly